2026
FEBRUARY
25
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ‘കേരള’ അല്ല ഇനി ‘കേരളം’; നിർദ്ദേശത്തിന് കേന്ദ്രത്തിന്റെ അംഗീകാരം

**തിരുവനന്തപുരം:** ‘കേരള’ സംസ്ഥാനത്തിന്റെ പേര് ‘കേരളം’ എന്നാക്കി മാറ്റുന്നതിനുള്ള നിർദ്ദേശത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

കേന്ദ്ര മന്ത്രിസഭാ അംഗീകാരത്തിന് ശേഷം, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 3 പ്രകാരം കേരള നിയമസഭയുടെ അഭിപ്രായം തേടുന്നതിനായി ‘കേരള (പേര് മാറ്റൽ) ബില്ല്, 2026’ രാഷ്ട്രപതി കേരള സംസ്ഥാന നിയമസഭയ്ക്ക് റഫർ ചെയ്യും. കേരള സംസ്ഥാന നിയമസഭയുടെ അഭിപ്രായം ലഭിച്ച ശേഷം, ഇന്ത്യ ഗവൺമെന്റ്, തുടർ നടപടികൾ സ്വീകരിക്കുകയും ’കേരള’ എന്ന സംസ്ഥാനത്തിന്റെ പേര് ’കേരളം’ എന്ന് മാറ്റുന്നതിനുള്ള 2026 ലെ കേരള (പേരുമാറ്റം) ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ ശുപാർശ നേടുകയും ചെയ്യും. ‘കേരള’ എന്ന സംസ്ഥാനത്തിന്റെ പേര് ‘കേരളം’ എന്നാക്കി മാറ്റുന്നതിനായി 2024 ജൂൺ 24 ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിരുന്നു.

ഭരണഘടനയുടെ ആർട്ടിക്കിൾ 3 പ്രകാരം ‘കേരള’ എന്ന സംസ്ഥാനത്തിന്റെ പേര് ’കേരളം’ എന്ന് മാറ്റി ഭരണഘടനയുടെ ഒന്നാം ഷെഡ്യൂൾ ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർഥിച്ചു. ഭരണഘടനയുടെ ആർട്ടിക്കിൾ 3 പ്രകാരം നിലവിലുള്ള സംസ്ഥാനങ്ങളുടെ പേര് മാറ്റാൻ പാർലമെന്റിന് അധികാരമുണ്ട്. ആർട്ടിക്കിൾ 3 അനുസരിച്ച്, പാർലമെന്റിന് നിയമപ്രകാരം ഏതൊരു സംസ്ഥാനത്തിന്റെയും പേര് മാറ്റാൻ കഴിയും.

എന്നാൽ അത്തരം ബില്ലുകൾ രാഷ്ട്രപതിയുടെ ശുപാർശയില്ലാതെ പാർലമെന്റിന്റെ ഇരുസഭകളിലും അവതരിപ്പിക്കരുതെന്നും, ബില്ലിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശം ഏതെങ്കിലും സംസ്ഥാനങ്ങളുടെ വിസ്തീർണ്ണത്തെയോ അതിർത്തികളെയോ പേരിനെയോ ബാധിക്കുന്ന സാഹചര്യത്തിൽ, റഫറൻസിൽ വ്യക്തമാക്കിയ കാലയളവിനുള്ളിലോ രാഷ്ട്രപതി അനുവദിക്കുന്ന അധിക കാലയളവിനുള്ളിലോ ബില്ലിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനായി രാഷ്ട്രപതി പ്രസ്തുത സംസ്ഥാന നിയമസഭയിലേക്ക് അയച്ചു കൊടുക്കുകയും, നിർദ്ദിഷ്ട സമയപരിധിയോ രാഷ്ട്രപതി അനുവദിക്കുന്ന അധിക കാലയളവോ അവസാനിച്ചതിന് മാത്രമേ ബില്ല് അവതരിപ്പിക്കാനാകൂ എന്നും അനുച്ഛേദത്തിൽ പറയുന്നു.

‘കേരള’ എന്ന സംസ്ഥാനത്തിന്റെ പേര് ’കേരളം’ എന്ന് മാറ്റുന്നത് സംബന്ധിച്ച വിഷയം ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയത്തിൽ പരിഗണിക്കുകയും കേന്ദ്ര ആഭ്യന്തര മന്ത്രിയും കേന്ദ്ര സഹകരണ മന്ത്രിയുമായ അമിത് ഷായുടെ അംഗീകാരത്തോടെ, ’കേരള’ എന്ന സംസ്ഥാനത്തിന്റെ പേര് ’കേരളം’ എന്ന് മാറ്റുന്നതിനുള്ള മന്ത്രിസഭയുടെ കരട് കുറിപ്പ് നിയമകാര്യ വകുപ്പിനും നിയമനിർമ്മാണ വകുപ്പിനും നിയമനീതി മന്ത്രാലയത്തിനും അവരുടെ അഭിപ്രായങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

’കേരള’ എന്ന പേര് ’കേരളം’ എന്നാക്കി മാറ്റുന്നതിനുള്ള നിർദ്ദേശത്തോട് നിയമകാര്യ വകുപ്പും നിയമനിർമ്മാണ വകുപ്പും യോജിപ്പ് അറിയിച്ചു.

## ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ്: ഉദ്ഘാടനം 27ന്

**കൊച്ചി:** ജില്ലയുടെ മാലിന്യ സംസ്കരണ രംഗത്ത് നിർണ്ണായക ചുവടുവെപ്പുമായി ഖരമാലിന്യ അധിഷ്ഠിത കംപ്രസ്ഡ് ബയോഗ്യാസ് (സി.ബി.ജി) പ്ലാന്റ് കൊച്ചിയിൽ പ്രവർത്തന സജ്ജമാകുന്നു. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.പി.സി.എൽ) നേതൃത്വത്തിൽ ബ്രഹ്മപുരത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭൂമിയിൽ സ്ഥാപിച്ച പ്ലാന്റിന്റെ ഉദ്ഘാടനം ഫെബ്രുവരി 27 രാവിലെ 11ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അധ്യക്ഷനാവും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ബെന്നി ബഹനാൻ എം.പി, പി.വി. ശ്രീനിജിൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ, കൊച്ചി കോർപ്പറേഷൻ മേയർ വി.കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, ജില്ലാ കളക്ടർ ജി. പ്രിയങ്ക, എൽ. എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, ബി.പ ി.സി.എൽ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ ചാക്കോ എം ജോസ്, കൊച്ചി റിഫൈനറി ചീഫ് ജനറൽ മാനേജർ ജോർജ് തോമസ് തുടങ്ങിയവർ പങ്കെടുക്കും.

## ഇരട്ട നികുതി ഒഴിവാക്കൽ : ഇന്ത്യയും ഫ്രാൻസും ഭേദഗതി പ്രോട്ടോക്കോൾ ഒപ്പുവെച്ചു

**ന്യൂഡൽഹി:** ഫ്രഞ്ച് പ്രസിഡന്റ് അടുത്തിടെ നടത്തിയ ഇന്ത്യ സന്ദർശനത്തിനിടെ 1992 സെപ്റ്റംബർ 29ന് ഒപ്പുവെച്ച ’ഇന്ത്യഫ്രാൻസ് ഇരട്ട നികുതി ഒഴിവാക്കൽ ഉടമ്പടി’യുടെ ഭേദഗതി പ്രോട്ടോക്കോളിൽ ഇരുരാജ്യങ്ങളും ഒപ്പുവെച്ചു. ഇന്ത്യയ്ക്ക് വേണ്ടി കേന്ദ്ര പ്രത്യക്ഷനികുതി ബോർഡ് ചെയർമാൻ രവി അഗർവാളും ഫ്രാൻസിന് വേണ്ടി ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ തിയറി മാറ്റോയുമാണ് ഭേദഗതി പ്രോട്ടോക്കോളിൽ ഒപ്പുവെച്ചത്. ഒരു കമ്പനിയുടെ ഓഹരികൾ വിൽക്കുന്നതിലൂടെ ലഭിക്കുന്ന മൂലധന നേട്ടത്തിന്മേൽ പൂർണ നികുതി അവകാശം കമ്പനി സ്ഥിതി ചെയ്യുന്ന രാജ്യത്തിന് നൽകുന്നതാണ് ഭേദഗതി പ്രോട്ടോക്കോൾ.

കൂടാതെ ഇരട്ട നികുതി ഒഴിവാക്കൽ ഉടമ്പടിയിലെ ’മോസ്റ്റ് ഫേവേർഡ് നേഷൻ’ എന്ന വ്യവസ്ഥ ഭേദഗതി പ്രോട്ടോക്കോൾ നീക്കം ചെയ്തു. പ്രസ്തുത വ്യവസ്ഥയുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങൾക്കും ഇതോടെ പരിഹാരമായി. ലാഭവിഹിതത്തിന്റെ നികുതി നിരക്കിലും മാറ്റം വരുത്തിയിട്ടുണ്ട്. നിലവിലെ 10 ശതമാനം ഏകീകൃത നിരക്കിന് പകരം പത്ത് ശതമാനമെങ്കിലും മൂലധനം കൈവശം വെച്ചവർക്ക് 5 ശതമാനവും മറ്റുള്ളവർക്ക് 15 ശതമാനവും എന്ന രീതിയിൽ നിരക്ക് വിഭജിച്ചു. കൂടാതെ ’സാങ്കേതിക സേവന ഫീസ്’ എന്നതിന്റെ നിർവചനം ഇന്ത്യയുഎസ് ഇരട്ട നികുതി ഒഴിവാക്കൽ കരാറിലെ നിർവചനത്തിനനുസൃതമായി മാറ്റുകയും ’സേവനാധിഷ്ഠിത സ്ഥിരം സ്ഥാപനം’ അഥവാ ’സർവീസ് പി.ഇ’ ഉൾപ്പെടുത്തി ’സ്ഥിരം സ്ഥാപനം’ എന്നതിന്റെ വ്യാപ്തി വർധിപ്പിക്കുകയും ചെയ്തു. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി വിവരങ്ങൾ കൈമാറുന്നതിലെ വ്യവസ്ഥകൾ പുതുക്കുന്ന ഭേദഗതി പ്രോട്ടോക്കോൾ നികുതി സമാഹരണത്തിലെ സഹായത്തിന് പുതിയൊരു അനുച്ഛേദം അവതരിപ്പിക്കുകയും ചെയ്തു. ഇന്ത്യയും ഫ്രാൻസും തമ്മിലെ വിവരങ്ങൾ തടസരഹിതമായി കൈമാറാനും പരസ്പര നികുതി സഹകരണം ശക്തിപ്പെടുത്താനും ഇത് സഹായിക്കും. ഇന്ത്യയും ഫ്രാൻസും നേരത്തെ ഒപ്പുവെച്ച് അംഗീകരിച്ച ബിഇപിഎസ് ബഹുതല ഉടമ്പടിയിലെ പ്രസക്തമായ വ്യവസ്ഥകളും ഈ ഭേദഗതി പ്രോട്ടോക്കോൾ ഇരട്ട നികുതി ഒഴിവാക്കൽ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇരുരാജ്യങ്ങളിലെയും നിയമങ്ങൾക്കനുസൃതമായ ആഭ്യന്തര നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ഇരുരാജ്യങ്ങളും അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് ഭേദഗതി പ്രോട്ടോക്കോളിലെ മാറ്റങ്ങൾ പ്രാബല്യത്തിൽ വരിക.

## മുന്നു വർഷത്തിനുള്ളിൽ രാജ്യത്ത് എല്ലായിടത്തും ഭാരത് ടാക്സിയെത്തും

**ന്യൂഡൽഹി:** അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ഭാരത് ടാക്സിയുടെ സേവനം ലഭ്യമാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി. ഭാരത് ടാക്സിയിലെ ’സാരഥി’കളുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അധ്വാനിക്കുന്നവർക്ക് തന്നെ ലാഭത്തിന്റെ വിഹിതം ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ നയമെന്ന് അദ്ദേഹം ചടങ്ങിൽ വ്യക്തമാക്കി.ഭാരത് ടാക്സിയുടെ യഥാർത്ഥ ഉടമകൾ അതിലെ സാരഥികളാണെന്നും ലാഭവിഹിതത്തിന് അവർക്ക് അർഹതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ അഞ്ച് പ്രമുഖ സഹകരണ സംഘങ്ങൾ ഒത്തുചേർന്നാണ് ’ഭാരത് ടാക്സി’ക്ക് രൂപം നൽകിയിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ വെളിപ്പെടുത്തി. സാധാരണക്കാരായ ഡ്രൈവർമാരെ ഉടമകളാക്കി മാറ്റുന്ന വിപ്ലവകരമായ പദ്ധതിയാണിതെന്ന് അദ്ദേഹം പറഞ്ഞു.കേവലം 500 രൂപയുടെ ഓഹരികൾ വാങ്ങുന്നതിലൂടെ ഏതൊരു ’സാരഥി’ക്കും (ഡ്രൈവർ) ഭാരത് ടാക്സിയുടെ പങ്കാളിയാകാനും ഉടമസ്ഥാവകാശം നേടാനും സാധിക്കും. ഭാരത് ടാക്സിയുടെ ഭരണസമിതി തിരഞ്ഞെടുപ്പിൽ ഡ്രൈവർമാർക്കായി പ്രത്യേക സീറ്റുകൾ സംവരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഡ്രൈവർമാർ ഭരണസമിതിയുടെ ഭാഗമാകുന്നതോടെ, സഹപ്രവർത്തകരുടെ പ്രശ്നങ്ങളും താൽപ്പര്യങ്ങളും കൃത്യമായി സംരക്ഷിക്കപ്പെടുന്നുവെന്ന് അവർക്ക് തന്നെ ഉറപ്പാക്കാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു. സ്വകാര്യ കമ്പനികളെപ്പോലെ വൻ ലാഭമുണ്ടാക്കുകയല്ല, മറിച്ച് ഡ്രൈവർമാരായ സാരഥികളെ ശാക്തീകരിക്കുകയാണ് ’ഭാരത് ടാക്സി’യുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ഭാരത് ടാക്സിയുടെ ഓഹരികൾ സാരഥികളുടെ കൈവശമായതിനാൽ, കമ്പനിയുടെ നയങ്ങൾ തീരുമാനിക്കുന്നതും അവർ തന്നെയായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.ഭാരത് ടാക്സി, ഡ്രൈവർമാരുടെ സ്വന്തം കമ്പനിയാണെന്നും ’സഹകരണം’ എന്നതാണ് ഇതിന്റെ അടിസ്ഥാന തത്വമെന്നും മന്ത്രി പറഞ്ഞു. സാരഥികളെ ചൂഷണം ചെയ്യുന്നതിന് പകരം അവരുടെ കഴിവുകളെ പ്രയോജനപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആകെ വരുമാനത്തിന്റെ 20 ശതമാനം സാരഥികളുടെ മൂലധനമായി ഭാരത് ടാക്സിയുടെ അക്കൗിൽ നിക്ഷേപിക്കും. ബാക്കി 80 ശതമാനം തുക സാരഥികൾ ടാക്സി ഓടിച്ച കിലോമീറ്ററിന് ആനുപാതികമായി അവരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തിരികെ നൽകും. ആദ്യത്തെ മൂന്ന് വർഷം ലാഭം കമ്പനിയുടെ വിപുലീകരണത്തിനായി വിനിയോഗിക്കും. അതിനുശേഷം എത്ര ലാഭം ലഭിച്ചാലും, അതിന്റെ 20 ശതമാനം ഭാരത് ടാക്സിയിൽ തന്നെ തുടരുമെന്നും, ലാഭത്തിന്റെ 80 ശതമാനവും സാരഥികൾക്ക് തിരികെ നൽകുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഭാരത് ടാക്സിയുടെ തുടക്കം പ്രധാന സഹകരണ മുന്നേറ്റമാണ് ഇതിന് കീഴിൽ സാരഥികളുടെ ടാക്സികൾ ഈടായി സ്വീകരിച്ച് അവർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **പപ്പൻചേട്ടൻ സ്മാരക ഹാൾ :** ചുമട്ടുതൊഴിലാളി ജില്ലാ കൺവൻഷൻ രാവിലെ 10ന്.
- **കാക്കനാട് ദിവാൻസ് ദർബാർ ഹോട്ടൽ :** ഭക്ഷ്യസുരക്ഷാ നഗരം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സംരംഭകർക്കായി രജിസ്ട്രേഷൻ മേള രാവിലെ 10ന്.

## വൈപ്പിൻ

- **ചെറായി ബീച്ച് ഓപ്പൺ സ്റ്റേജ് :** ടൂറിസം ഇടനാഴി വികസനപദ്ധതി ഉദ്ഘാടനം ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് വൈകിട്ട് 4ന്.

## മൂവാറ്റുപുഴ

- **മൂവാറ്റുപുഴ നഗരസഭാ ഓഫീസ് :** ആരോഗ്യ കേരളം വാക്കത്തോൺ രാവിലെ 7.15.
- **കായനാട് മഹിഷാസുര മർദിനി ക്ഷേത്രം :** മകയിരം ഉത്സവം, ചെണ്ടമേളം, ശിങ്കാരിമേളം, കൈകൊട്ടിക്കളി വൈകിട്ട് 6ന്.

## കിഴക്കമ്പലം

- **ഊരക്കാട് ശ്രീബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രം :** ഉത്സവം വൈകിട്ട് 6ന്.

## അങ്കമാലി

- **അങ്കമാലി സെന്റ് മേരീസ് കത്തീഡ്രൽ :** സുവിശേഷ മഹായോഗം രാത്രി 7ന്.

## കാഞ്ഞിരമറ്റം

- **ആമ്പല്ലൂർ ശ്രീനാരായണ ധർമ പ്രകാശിനിസഭവക സുബ്രഹ്മണ്യപുരം ക്ഷേത്രം :** ഉത്സവം രാത്രി 7ന്.

## കോതമംഗലം

- **പിണ്ടിമന സെന്റ് തോമസ് സുവിശേഷാലയം ചാപ്പൽ :** സുവിശേഷ യോഗം രാത്രി 7.15 ന് .
- **വാരപ്പെട്ടി പൊത്തനാക്കാവ് ഭഗവതി ശാസ്താ ക്ഷേത്രം :** കാർത്തിക രോഹിണി ഉത്സവം രാവിലെ 6 മുതൽ.

# കെടിഡിസിയുടെ മലബാർ കോർട്യാർഡ് 25 ന് ഉദ്ഘാടനം ചെയ്യും

**കണ്ണൂർ:** മലബാർ മേഖലയിലെ ബീച്ച് ടൂറിസത്തിന് പുതിയ സാധ്യതകൾ തുറന്ന് കണ്ണൂർ മുഴപ്പിലങ്ങാട് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെടിഡിസി) മലബാർ കോർട്യാർഡ് റിസോർട്ട് പ്രവർത്തനമാരംഭിക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഫെബ്രുവരി 25 ന് വൈകുന്നേരം 3.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും. തലശ്ശേരിക്കും കണ്ണൂരിനും ഇടയിൽ സ്ഥിതിചെയ്യുന്ന തീരദേശ മേഖലയായ മുഴപ്പിലങ്ങാട് ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ഡ്രൈവ്ഇൻ ബീച്ചാണ്. മുഴുപ്പിലങ്ങാട്ധർമ്മടം ബീച്ച് ടൂറിസം സർക്യൂട്ടിൽ 6.5 ഏക്കർ വിസ്തൃതിയുള്ള മലബാർ കോർട്യാഡിൽ ലോകോത്തര സൗകര്യങ്ങളാണുള്ളത്. കിഫ്ബി ധനസഹായത്തോടെ 51.86 കോടി രൂപ ചെലവഴിച്ചാണ് റിസോർട്ട് വികസിപ്പിച്ചിരിക്കുന്നത്. എട്ട് കോട്ടേജുകൾ വീതമുള്ള നാല് കോട്ടേജ് ബ്ലോക്കും നാല് മുറികൾ വീതമുള്ള രണ്ട് സ്വീറ്റ് റൂം ബ്ലോക്കും ഉൾപ്പെടെ 40 മുറികളാണ് റിസോർട്ടിലുള്ളത്. വിശാലമായ നീന്തൽക്കുളവും ഇൻഡോർ റിക്രിയേഷൻ ഏരിയയും ഹെൽത്ത് ക്ലബ്ബും റിസോർട്ടിൽ സജ്ജമാണ്. അക്വാ ഗ്രോവ്, അക്വാ വിസ്താ എന്നീ പേരുകളിൽ 285 ചതുരശ്ര അടി വീതമുള്ള രണ്ട് തരം മുറികൾ, ലിവിംഗ് സ്പെയ്സും 548 ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള സ്യൂട്ട് റൂമുകൾ, 100 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ, ബിസിനസ്, ഔദ്യോഗിക മീറ്റിംഗുകൾ നടത്തുന്നതിന് ഡിജിറ്റൽ സംവിധാനത്തോടെയുള്ള ബോർഡ് റൂം എന്നിവയും ഇതിലുണ്ട്. വടക്കൻ കേരളത്തിൽ അതിവേഗം വളരുന്ന ടൂറിസത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രീമിയം ഡെസ്റ്റിനേഷൻ പ്രോപ്പർട്ടിയായിട്ടാണ് മലബാർ കോർട്യാർഡ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. വലിയ പരിപാടികൾക്ക് ഉൾപ്പെടെ ഇത് വേദിയാക്കാനാകും. വിശാലമായ പശ്ചാത്തല സൗകര്യവും കോർപ്പറേറ്റ് ബോർഡ് മീറ്റിംഗ് റൂമും കോൺഫറൻസ് ഹാളും ഉൾപ്പെടെ മൈസ് ടൂറിസത്തിന് അനുയോജ്യമായ ഇടമായി റിസോർട്ടിനെ മാറ്റുന്നു. അതേസമയം വിനോദ സഞ്ചാരികൾക്കും കുടുംബങ്ങളുടെയും മറ്റും ഒത്തുചേരലുകൾക്കുമുള്ള ആകർഷകമായ സ്ഥലമായും ഇത് പ്രവർത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിശാലമായ സ്വിമ്മിംഗ് പൂളും അതിന് ഉതകുന്ന മനോഹരമായ ലാൻഡ്സ്കേപ്പിങ്ങും റിസോർട്ടിനെ വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് തികച്ചും വ്യത്യസ്തമായ അനുഭവം പ്രദാനം ചെയ്യുമെന്ന് കെടിഡിസി അധികൃതർ പറഞ്ഞു. മലബാർ കോർട്യാർഡിന്റെ അന്തരീക്ഷം ഡെസ്റ്റിനേഷൻ വെഡ്ഡിങ്, ഹണിമൂൺ, കുടുംബ ഒത്തുചേരലുകൾ എന്നിവയെ മനോഹരമാക്കാൻ പോന്നതാണെന്നും അവർ കൂട്ടിച്ചേർത്തു.

# പരിസ്ഥിതി സൗഹൃദ കാഴ്ചകളുമായി ഹരിതകേരളം മിഷൻ പ്രദർശന മേള

**കൊച്ചി:** ദേശീയ പരിസ്ഥിതി സമ്മേളനത്തിന് വേദിയാകുന്ന കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്റർ പരിസ്ഥിതി സൗഹൃദ വിസ്മയങ്ങളുടെ സംഗമഭൂമിയാകുന്നു. ഹരിതകേരളം മിഷൻ കഴിഞ്ഞ പത്തുവർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയൊരുക്കുന്ന പ്രദർശന വിപണന സ്റ്റാളുകൾ കാണാൻ വൻ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

അത്യാധുനിക സാങ്കേതിക വിദ്യകളും തനത് വനവിഭവങ്ങളും കോർത്തിണക്കിയാണ് എക്സിബിഷൻ ഒരുക്കിയിരിക്കുന്നത്. രണ്ട് പതിറ്റാണ്ടിന് ശേഷം തിരുവനന്തപുരം പിരപ്പമൺകാട് പാടശേഖരത്തിൽ പുനരാരംഭിച്ച കൃഷിയിലൂടെ വിളയിച്ചെടുത്ത 'പിരപ്പമൺകാട് അരിയും' അതിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമാണ് മേളയിലെ പ്രധാന ആകർഷണം. ഇടുക്കി കട്ടമുടിയിൽ നിന്നുള്ള ബ്രാൻഡഡ് അരി, മറയൂർ ശർക്കര, കാട്ടുതേൻ തുടങ്ങിയ വനവിഭവങ്ങൾ വാങ്ങാനും സന്ദർശകർ ഏറെയെത്തുന്നുണ്ട്. പ്ലാസ്റ്റിക്കിന് ബദലായി പാഴ്ത്തുണികളിൽ നിന്ന് നിർമ്മിച്ച ബാഗുകളും മറ്റ് ഉൽപ്പന്നങ്ങളുമായി എറണാകുളം 'ഭൂമിസ്ത്രീ കൂട്ടായ്മ'യും ശ്രദ്ധ നേടുന്നുണ്ട്. അറിവും വിനോദവും പകരുന്ന വിആർ ഷോകളാണ് മേളയുടെ മറ്റൊരു പ്രത്യേകത. ഇടുക്കി ഡാമിന്റെയും പവർഹൗസിന്റെയും ദൃശ്യാനുഭവം നൽകുന്ന കെ.എസ്.ഇ.ബി. സ്റ്റാളും, നെയ്യാർ, മലമ്പുഴ ഡാമുകളുടെ വിശേഷങ്ങൾ പങ്കുവെക്കുന്ന ജലസേചന വകുപ്പിന്റെ സ്റ്റാളും സന്ദർശകർക്ക് പുത്തൻ അനുഭവമാകുന്നു.

ഭൂഗർഭ ജല വകുപ്പ്, ഡബ്ല്യു.ആർ.ഐ ഇന്ത്യയുടെ ഹരിതോർജ്ജ പവലിയൻ, ടൈറ്റാനിയം എന്നിവയുടെ സ്റ്റാളുകളും മികച്ച പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ, സാനിറ്ററി വെൻഡിംഗ് മെഷീനുകൾ എന്നിവയ്ക്കൊപ്പം ഇലക്ട്രോണിക് ഉപകരണങ്ങൾ സൗജന്യമായി നന്നാക്കി നൽകുന്ന വടകര ഹരിത കർമ്മസേനയുടെ ഹെൽപ്പ് ഡെസ്കും മേളയുടെ മാറ്റുകൂട്ടുന്നു. കെ.എസ്.ആർ.ടി.സി. ഒരുക്കിയ ലിങ്ക് ബസ് ഫോട്ടോ പോയിന്റിലും വലിയ തിരക്കാണ്.പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായ പ്രദർശനം ഇന്ന് സമാപിക്കും.

# കൊച്ചിയിൽ 'സെറ സ്റ്റൈൽ സ്റ്റുഡിയോ' തുറന്നു

**കൊച്ചി:** സെറ സാനിറ്ററിവെയർ ലിമിഡിന്റെ അത്യാധുനിക ഡിസ്പ്ലേ കേന്ദ്രം 'സെറ സ്റ്റൈൽ സ്റ്റുഡിയോ' കൊച്ചി മരടിൻ ഡ്രൈവിൽ പ്രവർത്തനമാരംഭിച്ചു . കമ്പനിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എക്സ്ക്ലൂസീവ് ഷോറും വൈസ് ചെയർമാനും ജോയിന്റ് മാനേജിങ് ഡയറക്ടറുമായ ദീപ്ശിഖ വൈത്തൻ ഉത്ഘാടനം നിർവഹിച്ചു . ലക്ഷുറി വിഭാഗമായ 'സെനറ്റർ', അത്യാധുനിക ഡിസൈനുകളിലുള്ള 'സെറ ലക്സ്', സെറയുടെ മറ്റ് ജനപ്രിയ ഉൽപന്നങ്ങൾ എന്നിവ ഒരൊറ്റ കുടക്കീഴിൽ ഒരുക്കി, കേരളത്തിലെ സാന്നിധ്യം ശക്തമാക്കുകയാണ് പുതിയ സ്റ്റുഡിയോ സംവിധാനം തുറക്കുന്നതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്. സാനിറ്ററിവെയർ, വെൽനസ് ഉൽപന്നങ്ങളുടെ വിപുലമായ ശേഖരമാണ് ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർമാർ, ഉപഭോക്താക്കൾ എന്നിവർക്ക് ആശയങ്ങൾ രൂപപ്പെടുത്താനും അവ യാഥാർത്ഥ്യമാക്കാനും സഹായിക്കുന്ന ഒരിടമായാണ് 'സെറ സ്റ്റൈൽ സ്റ്റുഡിയോ' സംവിധാനം ഒരുങ്ങുന്നതെന്ന് ദീപ്ശിഖ വൈത്തൻ പറഞ്ഞു.



# നുവാൽസിൽ ദാക്ഷായണി വേലായുധൻ സ്മാരക പ്രഭാഷണം നാളെ

**കൊച്ചി:** നുവാൽസ് ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ് 26 ന് നാലാമത് ദാക്ഷായണി വേലായുധൻ സ്മാരക പ്രഭാഷണം സംഘടിപ്പിക്കുന്നു. രാവിലെ 11:30ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് സെമിനാർ ഹാളിലാണ് പരിപാടി. ഇന്ത്യൻ ഭരണഘടനാ നിർമാണ സഭയിലെ ഏക ദളിത് വനിതാംഗമായിരുന്ന ദാക്ഷായണി വേലായുധന്റെ സ്മരണാർഥമാണ് പ്രഭാഷണം നടത്തുന്നത്. സാമൂഹ്യനീതി, സമത്വം, പരിവർത്തനാത്മക ഭരണഘടനാ മൂല്യങ്ങൾ എന്നിവയിൽ സംവാദം പ്രോത്സാഹിപ്പിക്കുക വഴി അവരുടെ പൈതൃകത്തെ ആദരിക്കുക എന്നതാണ് ഈ വാർഷിക പരിപാടിയുടെ ലക്ഷ്യം. നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ജി. ബി. റെഡ്ഡി പരിപാടി ഉദ്ഘാടനം ചെയ്യും. നുവാൽസ് മുൻ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) കെ. സി. സണ്ണി ദാക്ഷായണി വേലായുധൻ സ്മാരക പ്രഭാഷണം നടത്തും. കേരള കേന്ദ്ര സർവകലാശാല അസോസിയേറ്റ് പ്രൊഫസർ ഡോ. ഗിരീഷ് കുമാർ ജെ. മുഖ്യ പ്രഭാഷണം നിർവഹിക്കും. നുവാൽസ് രജിസ്ട്രാർ ഡോ. ലിന അക്ക മാത്യു, ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ് ഡയറക്ടർ ഡോ. കെ. അഭയചന്ദ്രൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ. എൽ. നമിത എന്നിവരും പ്രസംഗിക്കും.

# ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ മേള

**കൊച്ചി:** ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കുന്ന 'ഭക്ഷ്യ സുരക്ഷാ നഗരം' പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സംരംഭകർക്കായി പ്രത്യേക രജിസ്ട്രേഷൻ മേള സംഘടിപ്പിക്കുന്നു. നാളെ കാക്കനാട് ദിവാൻസ് ദർബാർ ഹോട്ടലിലാണ് മേള നടക്കുന്നത്. രാവിലെ 10 മുതൽ മൂന്ന് വരെ നടക്കുന്ന മേളയിൽ പുതിയ ലൈസൻസ് എടുക്കാനും പഴയത് പുതുക്കാനും സാധിക്കും. പങ്കെടുക്കുന്നവർ ഫോട്ടോ, ആധാർ കാർഡ്, സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശ രേഖകൾ എന്നിവ ഹാജരാക്കണം.

## ടെൻഡർ

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ഐ.സി.ഡി.എസ് കൊച്ചി അർബൻ 3 പ്രോജക്ടിലെ അങ്കണവാടികളിലെ കിജൻസി കിറ്റുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ മാർച്ച് 6 ഉച്ചക്ക് 12നകം ലഭിക്കണം.ഫോൺ 04842706695, 9188959725.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ജനക്ഷേമത്തിന് മുൻതൂക്കം; കൊച്ചി നഗരസഭയ്ക്ക് 132 കോടിയുടെ മിച്ച ബജറ്റ്

**കൊച്ചി:** ജനക്ഷേമത്തിന് മുൻ തൂക്കം നൽകി 1388,13,83,902 രൂപ വരവും 1255,16,89,000 രൂപ ചെലവും 132,96,94,902 രൂപ നീക്കിയിരിപ്പുമായി കൊച്ചി നഗരസഭയിലെ യുഡിഎഫ് ഭരണ സമതിയുടെ ആദ്യ ബജറ്റ് ഡെപ്യൂട്ട മേയർ ദീപക് ജോയി അവതരിപ്പിച്ചു. അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ അനുസ്മരിച്ചാണ് ദീപക് ജോയ് തന്റെ കന്നി ബജറ്റ് അവതരിപ്പിച്ചത്.


*ഡെപ്യൂട്ടി മേയർ ദീപക് ജോയ് ബജറ്റ് പ്രസംഗം നടത്തുന്നു. മേയർ അഡ്വ. വി കെ മിനിമോൾ സമീപം.*

പ്രതിപക്ഷ പ്രതിഷേധത്തോടെയാണ് ബജറ്റ് അവതരണം ആരംഭിച്ചത്. കൗൺസിൽ യോഗത്തിൽ ബജറ്റ് അവതരിപ്പിക്കുന്നതിന് മുൻപ് തന്നെ കണക്കുകൾ മാധ്യമങ്ങൾക്ക് ചോർത്തി നൽകിയെന്ന് ആരോപിച്ചായിരുന്നു പ്രതിപക്ഷ പ്രതിഷേധം. ബജറ്റ് അവതരിപ്പിച്ച് തീരും വരെ പ്രതിപക്ഷം നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചു. എല്ലാവരുടെയും നിർദേശങ്ങൾ ഉൾക്കൊണ്ട് ജനകീയമായി തയാറാക്കിയ ബജറ്റാണെന്ന് മേയർ അഡ്വ. വി കെ മിനിമോൾ ആമുഖ പ്രസംഗത്തിൽ പറഞ്ഞു. ബജറ്റ് ചോർന്നിട്ടില്ലെന്നും കെ സ്മാർട്ട് പ്രകാരം അവതരിപ്പിച്ച ആദ്യ ബജറ്റാണ് കൊച്ചിയിലേതെന്നും കെ സ്മാർട്ട് മൊഡ്യൂൾ അനുസരിച്ച് വിവരണം എന്ന രീതിയിൽ വിവരങ്ങൾ മാത്രമാണ് അജണ്ടയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും മുൻ വർഷങ്ങളിലെ പോലെ തന്നെ അജണ്ടയുൾപ്പെടെയാണ് മാധ്യമങ്ങൾക്ക് അറിയിപ്പ് നൽകിയതെന്നും മേയർ പറഞ്ഞു. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സമയബന്ധിതമായും സുസ്ഥിരമായും നടപ്പാക്കുന്നതിനു പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ പദ്ധതികൾ നടപ്പിലാക്കുമെന്ന് ബജറ്റ് പ്രഖ്യാപിക്കുന്നു. നഗരത്തിന്റെ സമഗ്ര സൗകര്യ വികസനത്തിനും വളർച്ചയ്ക്കും മുനിസിപ്പൽ ബോണ്ട്, സമഗ്ര ഗ്രീൻ ബ്ലൂ ഗ്രെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഗ്രീൻ ബോണ്ട് തുടങ്ങിയ നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. നികുതി ഇതര വരുമാനങ്ങളും കുടിശ്ശികകളും കൃത്യമായി പിരിച്ചെടുക്കാൻ പ്രത്യേക റവന്യൂ റിക്കവറി സെൽ രൂപീകരിക്കും. സംയോജിത കൊതുക് നിയന്ത്രണ പദ്ധതി നടപ്പിലാക്കും. കൊതുക് നിവാരണ പദ്ധതിക്കായി പത്ത് കോടി രൂപ ചെലവഴിക്കും. തെരുവ് നായ നിയന്ത്രണത്തിനും സമഗ്ര പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

വേലിയേറ്റ വെള്ളപ്പൊക്കം നേരിടാൻ മാസ്റ്റർപ്ലാൻ തയാറാക്കും. മാലിന്യ പ്രശ്നം പരിഹരിക്കാൻ ട്രാഷ് പാർക്ക്, ഗതാഗതകുരുക്ക് പരിഹരിക്കാൻ പാർക്കിംഗ് പോളിസി, ബോൾഗാട്ടിയെ ബന്ധിപ്പിച്ച് പുതിയ പാലം, ബഹുനില വാണിജ്യ സമുച്ചയം, കൺവൻഷൻ സെന്റർ തുടങ്ങിയ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

# 3500 കോടി രൂപയുടെ പദ്ധതി; കേരളത്തിലെ മുഴുവൻ സുനാമി വീടുകളും മാറ്റി നൽകും

**ആലപ്പുഴ:** നബാർഡ് വഴി 3500 കോടി രൂപയുടെ പദ്ധതി തയ്യാറാണെന്നും താമസയോഗ്യമല്ലാത്ത കേരളത്തിലെ മുഴുവൻ സുനാമി വീടുകളും പുനർ നിർമിച്ച് നൽകുമെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെയും ഫിഷറീസ് വകുപ്പിന്റെയും സ്വപ്നപദ്ധതിയായ 'പുനർഗേഹം' പദ്ധതിയിലൂടെ നിർമ്മിച്ച മണ്ണും പുറം 'സഫലം' ഭവന സമുച്ചയം ആദ്യഘട്ടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കടലാക്രമണ ഭീഷണിയിൽ കഴിഞ്ഞിരുന്ന നൂറുകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ വീട് ഒരുക്കുന്നതിനൊപ്പം, അന്തസ്സുറ്റ ജീവിതസൗകര്യങ്ങളും നിലനിൽപ്പും ഉറപ്പാക്കാനാണ് സർക്കാർ പദ്ധതി വഴി ലക്ഷ്യമിട്ടതെന്നും അത് യാഥാർഥ്യമായതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. 9108 കുടുംബങ്ങളാണ് വീടില്ലാത്തവരായിട്ട് ഉണ്ടായിരുന്നത്. ഇതിൽ 5478 വീടുകൾ പൂർത്തീകരണ ഘട്ടത്തിലാണ്. 3498 വീടുകളുടെ താക്കോൽ നൽകി കഴിഞ്ഞു. സഫലം ഉൾപ്പെടെ 1980 ഫൽറ്റുകൾ നിർമ്മാണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മാറി താമസിക്കാൻ സമ്മതിച്ചിട്ടുള്ള വ്യക്തികളിൽ ഇനി 3630 പേർക്ക് മാത്രമേ വീടുകൾ നൽകാനുള്ളൂ എന്നും തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ കുടുംബങ്ങൾ തയ്യാറല്ലാത്തതാണ് തടസ്സമായി നിൽക്കുന്നതെന്നും മന്ത്രി പറഞ്ഞു. തീരദേശത്തിന് അടുത്ത് തന്നെ സ്ഥലം കണ്ടെത്തി വേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 2500 കോടി രൂപയാണ് സംസ്ഥാന സർക്കാർ ഇതിനായി ചെലവിട്ടത്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹികസാമ്പത്തിക ഉന്നമനത്തിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തികസാങ്കേതിക സഹായം നൽകുന്ന സാഫ് പദ്ധതിയിലൂടെ 200 കോടിയുടെ കച്ചവടമാണ് കഴിഞ്ഞ വർഷം ഉണ്ടായത് എന്ന് മന്ത്രി പറഞ്ഞു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഒരു വ്യക്തിക്ക് എങ്കിലും മറ്റ് മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്ന തൊഴിൽ തീരം പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. ചെത്തി, അർത്തുങ്കൽ, വലിയഴിക്കൽ എന്നീ ഹാർബറുകൾക്ക് പുറമേ തോട്ടപ്പള്ളി ഹാർബറും ഉടൻ യാഥാർത്ഥ്യമാകുമെന്ന് മന്ത്രി വ്യക്തമാക്കി. ഫിഷറീസ് വകുപ്പ് ഒരു ലക്ഷം കോടി രൂപയുടെ പദ്ധതി തയ്യാറാക്കാനുള്ള ആലോചനയിലാണ് എന്നും സർക്കാർ തുടർഭരണത്തിലേറിയാൽ ഇതോടൊപ്പം നബാർഡ് വഴി 3000 കോടിയുടെ മറ്റൊരു പദ്ധതിയും നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു.

# വീടുകളുടെ സാമ്പത്തിക സുരക്ഷയ്ക്ക് സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

**തിരുവനന്തപുരം:** പ്രകൃതിദുരന്തങ്ങൾകാരണം വാസസ്ഥലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന ഇൻഷുറൻസ് വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് മന്ത്രിസഭ തത്വത്തിൽ അംഗീകാരം നൽകി.

ആവർത്തിച്ച് സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട അടിയന്തര രക്ഷാപ്രവർത്തനം, സഹായം, പുനരധിവാസം, പുനർനിർമ്മാണം എന്നിവക്കായി വലിയ തുക നിരന്തരം ചെലവാക്കേണ്ടി വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് അനുയോജ്യമായൊരു ഒരു റിസ്ക് ട്രാൻസ്ഫർ മെക്കാനിസം രൂപപ്പെടുത്തുന്നതിന് പഠനം നടത്താൻ ആസൂത്രണ ബോർഡ് അംഗമായ രവി രാമന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ദുരന്തങ്ങൾ മൂലമുണ്ടാകുന്ന ബാധ്യതകൾ ഏറ്റെടുക്കുന്നതിനായി ക്ലൈമറ്റ് റിസ്ക് ഇൻഷുറൻസ് മാതൃകയിൽ റിസ്ക് ട്രാൻസ്ഫർ മെക്കാനിസം നടപ്പിലാക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു.

അതോടൊപ്പം നാഗാലാന്റ് മാതൃകയിൽ പാരാമെട്രിക് ഇൻഷുറൻസ് സംവിധാനം ആവിഷ്കരിക്കുന്നതിനും കമ്മിറ്റി ശിപാർശ ചെയ്തു. ഇതുസബന്ധിച്ച് റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തുടർപഠനം നടത്തി. ഇവയിൽ നിന്നും ഉരിത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾക്കാണ് സർക്കാർ ഇപ്പോൾ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്.പരാമെട്രിക് ഇൻഷുറൻസ്, ഇൻഡെമ്നിറ്റി ഇൻഷുറൻസ് (ബിപിഎൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മാത്രം) എന്നീ പരസ്പര പൂരകമായ ഇൻഷുറൻസ് മാതൃകകൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്.

# പി.എസ്.സി പരീക്ഷ: പ്രായപരിധി ഉയർത്തി

**തിരുവനന്തപുരം:** പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള നിലവിലുള്ള പ്രായപരിധി 40 വയസാക്കി ഉയർത്തിക്കൊണ്ട് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

ജനറൽ വിഭാഗത്തിന് നിലവിലുള്ള പ്രായപരിധി 36 വയസായിരുന്നു. ഇതാണ് 40 വയസാക്കി ഉയർത്തിയത്. പ്രായപരിധിയിൽ ഇളവ് ലഭ്യമായ മറ്റ് വിഭാഗക്കാർക്കും തത്തുല്യമായ വർദ്ധനവ് ലഭ്യമാകും.

# വൈപ്പിൻ ബീച്ച് കോറിഡോർ വികസന പദ്ധതി: നിർമ്മാണോദ്ഘാടനം ഇന്ന്

**കൊച്ചി:** വൈപ്പിൻകരയിലെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ മുഖച്ഛായ നൽകുന്ന 'വൈപ്പിൻ ബീച്ച് കോറിഡോർ' വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഇന്ന് നടക്കും. ചെറായി ബീച്ച് ഓപ്പൺ സ്റ്റേജിൽ വൈകീട്ട് 4 ന് നടക്കുന്ന ചടങ്ങ് ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനായി ഉദ്ഘാടനം നിർവഹിക്കും.

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് 2.97 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറായി, കുഴുപ്പിള്ളി, മുനമ്പം എന്നീ ബീച്ചുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കെ എൻ ഉണ്ണികൃഷ്ണൻ എംഎൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ ജി പ്രിയങ്ക, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ, ടൂറിസം വകുപ്പ് സെക്രട്ടറി കെ ബിജു, കെൽ റിട്ട എം.ഡി കേണൽ ഷാജി എം വർഗ്ഗീസ്, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ. കെ. ജോഷി,ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഇ. കെ. ജയൻ, ലിജി തദേവൂസ്, ജോബി വർഗീസ്,ആശ പൗലോസ്,കെ. എ. സജിത്ത്,ജില്ലാ പഞ്ചായത്തംഗങ്ങളായ കെ. എസ് നിബിൻ,അനിത തോമസ്,വാർഡ് മെമ്പർമാരായ അശ്വതി ബിനോയ്,കുഞ്ഞുമോൻ അഗസ്റ്റിൻ,ജലജ,വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ ,ഡി.ടി.പി.സി സെക്രട്ടറി ലിജോ ജോസഫ് തുടങ്ങിയവർ പങ്കെടുക്കും.

# ഇന്ത്യയുടെ പുരോഗതിയിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് നിർണായക പങ്ക്: ജസ്റ്റിസ് എൻ നാഗരേഷ്




**കൊച്ചി:** ദി ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് പാലാരിവട്ടം റിനൈ കൊച്ചിനിൽ ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എൻ നാഗരേഷ് ഉദ്ഘാടനം ചെയ്തു. ഇന്ത്യ അതിവേഗത്തിൽ മുന്നേറുകയാണെന്നും ഈ വളർച്ചയുടെ യാത്രയിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ നിർണായക പങ്ക് വഹിക്കുകയാണെന്നും ജസ്റ്റിസ് എൻ നാഗരേഷ് പറഞ്ഞു. ഈ മുന്നേറ്റ വേഗത തുടരുകയാണെങ്കിൽ 2047ഓടെ ഇന്ത്യ ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തികളിലൊന്നായി മാറും.

സാങ്കേതികവിദ്യ ദിനംപ്രതി പുരോഗമിക്കുന്ന സാഹചര്യത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് സാധാരണ ജനങ്ങളെ സാങ്കേതിക വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വഴികാട്ടാൻ കഴിയും. സാങ്കേതിക ബോധവത്ക്കരണം, സാമ്പത്തിക സുരക്ഷ, ഡിജിറ്റൽ ഇടപാടുകൾ തുടങ്ങിയ മേഖലകളിൽ അവരുടെ ഇടപെടൽ സമൂഹത്തിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കാൻ സഹായകരമാകുമെന്നും ജസ്റ്റിസ് എൻ. നാഗരേഷ് പറഞ്ഞു. ഐ സി എ ഐ സെൻട്രൽ കൗൺസിൽ അംഗം ബാബു അബ്രഹാം കള്ളിവയലിൽ, എസ് ഐ ആർ സി ട്രഷറർ ദീപ വർഗ്ഗീസ്, സി എം ജോസഫ്, ജോബി ജോർജ്ജ്, വേണുഗോപാൽ സി ഗോവിന്ദ്, ജോമോൻ കെ ജോർജ്ജ്, ലൂക്കോസ് ജോസഫ്, രൂപേഷ് രാജഗോപാൽ, പ്രതീഷ് പോൾ എം എന്നിവർ പ്രസംഗിച്ചു.

# ടൈം മാഗസിനുമായി കൈകോർത്ത് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

**കൊച്ചി:** ലോകത്തെ ഏറ്റവും സ്വാധീനശക്തിയുള്ള 100 വ്യക്തികളെ ഉൾപ്പെടുത്തി ടൈം മാഗസിൻ തയ്യാറാക്കിയ'ടൈം 100 ഹെൽത്ത് ലിസ്റ്റ് 2026' പ്രഖ്യാപനത്തിൽ പങ്കാളികളായി പ്രമുഖ ആരോഗ്യ സേവന ദാതാക്കളായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ. ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ലോകത്തെ 100 പ്രതിഭകളെയാണ് ഈ പട്ടികയിലൂടെ ആദരിക്കുന്നത്. ഇതോടനുബന്ധിച്ച് ഫെബ്രുവരി 19ന് ന്യൂയോർക്കിൽ നടന്ന പ്രത്യേക ചടങ്ങിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ അലീഷ മൂപ്പൻ പങ്കെടുത്തു. മാസങ്ങൾ നീണ്ട ഗവേഷണങ്ങൾക്കും ആഗോള വിദഗ്ധരുമായുള്ള ചർച്ചകൾക്കും ശേഷമാണ് ടൈം മാഗസിൻ 100 പേരുടെ ഈ പട്ടിക തയ്യാറാക്കിയത്. ശാസ്ത്രജ്ഞർ, ഡോക്ടർമാർ, അധ്യാപകർ, പോളിസി മേക്കർമാർ തുടങ്ങി വിവിധ മേഖലകളിലുള്ളവർ ഇതിൽ ഉൾപ്പെടുന്നു. ചടങ്ങിൽ പ്രമുഖ നടനും സംവിധായകനുമായ ജെസ്സി ഐസൻബെർഗ്, യുഎസ് നൊവാർട്ടിസ് പ്രസിഡന്റ് വിക്ടർ ബുൾട്ടോ, കാർഡിയോവാസ്കുലർ മെഡിസിൻ പ്രൊഫസർ ഡോ. കിരൺ മുസുനുരു എന്നിവരുൾപ്പെടെ ലോകത്തെ സ്വാധീനിച്ച നിരവധി വ്യക്തിത്വങ്ങൾ പങ്കെടുത്തു.ഈ വർഷത്തെ ടൈം 100 ഇംപാക്ടുമായി സഹകരിക്കാൻ സാധിച്ചത് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന് ലഭിച്ച വലിയൊരു അംഗീകാരമാണെന്ന് അലീഷ മൂപ്പൻ പറഞ്ഞു. സേവനം എപ്പോഴും ലക്ഷ്യബോധമുള്ളതായിരിക്കണമെന്ന പിതാവ് ഡോ. ആസാദ് മൂപ്പന്റെ ദർശനങ്ങളാണ് തന്നെ നയിക്കുന്നതെന്ന് അവർ വ്യക്തമാക്കി. ആരോഗ്യപരിരക്ഷ എന്നത് കേവലം ഒരു തൊഴിലല്ല, മറിച്ച് കാരുണ്യത്തിലൂടെയും പ്രതിബദ്ധതയിലൂടെയും ജീവിതങ്ങളെ മാറ്റിമറിക്കാനുള്ള നിയോഗമാണെന്ന് ആസ്റ്റർ ഉറച്ച വിശ്വാസിക്കുന്നതായും അവർ പറഞ്ഞു. അന്താരാഷ്ട്ര തലത്തിൽ സജീവമായ സഹകരണങ്ങൾ ഉറപ്പാക്കി മികച്ച ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആസ്റ്റർ ഈ ചടങ്ങിന്റെ ഭാഗമായത്. ഇന്ത്യയിലെയും ജിസിസി രാജ്യങ്ങളിലെയും ഏറ്റവും വലിയ ആരോഗ്യ ശൃംഖലകളിലൊന്നാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ. ആശുപത്രികൾ മുതൽ ഫാർമസികൾ വരെയുള്ള വിപുലമായ സേവനങ്ങളിലൂടെ രോഗികൾക്ക് മികച്ച പരിഗണനയും ലോകോത്തര ചികിത്സയും നൽകാൻ ആസ്റ്റർ എപ്പോഴും മുൻപന്തിയിലുണ്ടെന്നും അലീഷ മൂപ്പൻ പറഞ്ഞു.

# സംസ്കൃത സർവ്വകലാശാലയിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങി



**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർ, സോഷ്യൽ വർക്ക് ഗവേഷകവിദ്യാർത്ഥികൾ, സോഷ്യൽ വർക്ക് പ്രാക്ടീഷണർമാർ എന്നിവർക്കായി സംഘടിപ്പിക്കുന്ന പഞ്ചദിന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം കാലടി മുഖ്യക്യാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ ആരംഭിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. ഡോ. രേഷ്മ ഭരദ്വാജ്, ശരത് ചേലൂർ, വിനയ് എന്നിവർ പ്രസംഗിച്ചു. സാമൂഹ്യപ്രവർത്തന ഇടപെടലുകളിൽ നിർമ്മിതബുദ്ധി എങ്ങനെ പ്രയോജനപ്പെടുത്താം, സോഷ്യൽവർക്ക് വിദ്യാഭ്യാസവും ഗവേഷണരീതികളും മാനസികാരോഗ്യ സാമൂഹ്യപ്രവർത്തനം, നീതി അധിഷ്ഠിത ഇടപെടലുകൾ, സോഷ്യൽ പോളിസിയും അഡ്വോക്കസിയും ദുരന്തനിവാരണമേഖലയിൽ സാമൂഹ്യ പ്രവർത്തകരുടെ പങ്ക്, പരിവർത്തനാത്മക ഗവേഷണം, വിമർശനാത്മക സാമൂഹ്യപ്രവർത്തനം എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായാണ് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. രുചി സിൻഹ, ഡോ. ജോ തോമസ്, കെ.പി. രാജേഷ്, മജു വർഗ്ഗീസ്, ഡോ. ജാസ്മിൻ മേരി ജോൺ, ബേബി പ്രഭാകർ, ഡോ. സരുൺ സവിത്, ഡോ. അനീഷ് കെ.ആർ., ഡോ. ശൈലേഷ് ശിവൻ, ഡോ. ജോസ് ആന്റണി എന്നിവർ വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകും.

# മാഗ്നൈറ്റിന് ഫിനാൻസ് ഓഫർ പ്രഖ്യാപിച്ച് നിസ്സാൻ

**കൊച്ചി :** മാഗ്നൈറ്റിന് 5.55% മുതൽ ആരംഭിക്കുന്ന ഏറ്റവും കുറഞ്ഞ പലിശ നിരക്ക് പ്രഖ്യാപിച്ച് നിസാൻ മോട്ടോർ ഇന്ത്യ. നിസാൻ റെനോ ഫിനാൻഷ്യൽ സർവീസസ് ഇന്ത്യ (എൻആർഎഫ്എസ്ഐ) വഴി വാഗ്ദാനം ചെയ്യുന്ന കുറഞ്ഞ നിരക്ക് എല്ലാ സിബിൽ ഉപഭോക്താക്കൾക്കും ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. രജിസ്ട്രേഷൻ, ഇൻഷുറൻസ്, ബാധകമായ ചാർജുകൾ എന്നിവ ഉൾക്കൊള്ളുന്ന 100% വരെ ഓൺറോഡ് ഫിംഗും ലഭ്യമാണ്.

ഈ പദ്ധതി പ്രകാരം, ഉപഭോക്താക്കൾക്ക് 5 ലക്ഷം വരെയുള്ള വായ്പാ തുകയ്ക്ക് 5.55% മുതലുള്ള പലിശ നിരക്ക് ലഭ്യമാകും. മുൻനിര ബാങ്കുകളെ അപേക്ഷിച്ച് ഗണ്യമായ ലാഭം നൽകുന്ന ആകർഷകമായ ഇഎംഐയിൽ നിസാൻ മാഗ്നൈറ്റ് സ്വന്തമാക്കാൻ ഇത് സഹായിക്കുന്നു. എൻആർഎഫ്എസ്ഐ വഴി ധനസഹായം തിരഞ്ഞെടുക്കുന്ന ഉപഭോക്താക്കൾക്ക് 22,000 രൂപയുടെ അധിക ആനുകൂല്യങ്ങൾക്കും അർഹരാണ്. മാർച്ച് അവസാനം വരെ മാഗ്നൈറ്റ് ബുക്ക് ചെയ്യുന്നവർക്കാണ് ഈ ഓഫർ ലഭിക്കുകയെന്നും കമ്പനി അധികൃതർ അറിയിച്ചു.

# ന്യൂ ഹാർപിക് ബാത്ത്റൂം അൾട്രാ ക്ലീനർ വിപണിയിൽ

**കൊച്ചി:** ന്യൂ ഹാർപിക് ബാത്ത്റൂം അൾട്രാ ക്ലീനർ പുറത്തിറക്കി. ഇന്ത്യൻ ബാത്ത്റൂമുകളെ ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഉൽപ്പന്നം മഞ്ഞപ്പാടുകൾ, ലൈംസ്കെയിൽ, ജംഗ് എന്നിവ ഫലപ്രദമായി നീക്കി തിളക്കമുള്ള 'അൾട്രാ ക്ലീൻ' ഫിനിഷ് നൽകുന്നതാണ് പ്രത്യേകതയെന്ന് കമ്പനി അധികൃതർ അറിയിച്ചു. ബോളിവുഡ് സംവിധായകൻ രോഹിത് ഷെട്ടിയാണ് ബ്രാൻഡ് അംബാസഡർ. കഠിനമായ ഹാർഡ് വാട്ടർ പാടുകളും ബാത്ത്റൂം മലിനീകരണവും നേരിടുന്ന ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് വിശ്വസനീയമായ പരിഹാരം നൽകുന്നതാണ് പുതിയ ഉൽപ്പന്നമെന്ന് കമ്പനി.

# എച്ച് എൽ എല്ലിൽ മാനേജ്മെന്റ് ട്രെയിനി ഒഴിവുകൾ

**കൊച്ചി:** കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനിരത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് വിവിധ സ്ട്രീമുകളിലേക്ക് മാനേജ്മെന്റ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നു. കഴിഞ്ഞ 60 വർഷമായി ആരോഗ്യ സേവന മേഖലയിൽ പ്രവർത്തിക്കുന്ന എച്ച്എൽഎൽ, ഗർഭനിരോധന മാർഗ്ഗങ്ങൾ മുതൽ അത്യാധുനിക ഡയഗ്നോസ്റ്റിക് സേവനങ്ങളും ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളും വരെ ലഭ്യമാക്കുന്ന ഇന്ത്യയിലെ പ്രമുഖ സ്ഥാപനമാണ്. എച്ച്ആർ, മാർക്കറ്റിംഗ്, ഫാർമ, സോഷ്യൽ വർക്ക്, ഡാറ്റ അനലറ്റിക്സ്, ഹോസ്പിറ്റൽ മാനേജ്മെന്റ്, എഞ്ചിനീയറിംഗ് എന്നിവയിലേക്കാണ് മാനേജ്മെന്റ് ട്രെയിനി ആകാൻ അവസരമുള്ളത്. ബിടെക്, ബിഫാം, എംബിഎ (മാർക്കറ്റിംഗ് ആൻഡ് എച്ച്ആർ), എംഎസ്ഡബ്ല്യു (മെഡിക്കൽ ആൻഡ് സൈക്യാട്രി), ബിഎസ്സി, ബിഇ, സയൻസിൽ ബിരുദം എന്നിവയാണ് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ. മാനേജ്മെന്റ് ട്രെയിനി കാലാവധി വിജയകരമായി പൂർത്തിയാക്കുന്നവരെ ഡെപ്യൂട്ടി മാനേജർ തസ്തികയിൽ റെഗുലർ റോളിൽ നിയമിക്കുന്നതാണ്. പ്രായം 27 വയസ്സ് കവിയരുത്. എന്നാൽ എസ്സി / എസ്ടി, ഒബിസി വിഭാഗക്കാർക്ക് പ്രായപരിധിയിൽ അർഹമായ ഇളവുകൾ ലഭിക്കുന്നതാണ്. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി മാർച്ച് 10 ആണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾക്കുമായി www.lifecarehll.com/careers എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# ഡിമാൻഡ് മാച്ച് സിസ്റ്റം അവതരിപ്പിച്ച് എൽജി എക്വിപ്മെന്റ്സ് ലിമിറ്റഡ്

**കൊച്ചി:** മധുരയിൽ സംഘടിപ്പിച്ച കസ്റ്റമർ നെറ്റ്വർക്കിങ് മീറ്റിൽ ഡിമാൻഡ് മാച്ച് സിസ്റ്റം അവതരിപ്പിച്ച് മുൻനിര എയർ കംപ്രസർ നിർമ്മാതാക്കളായ എൽജി എകിപ്മെന്റ്സ് ലിമിറ്റഡ്. എൽജിയുടെ ഇജി. ഇക്യു സീരീസ് എയർ കംപ്രസറുകളുമായി സംയോജിപ്പിച്ചിരിക്കുന്ന ഈ സിസ്റ്റം, മാറുന്ന എയർ ആവശ്യകതയ്ക്ക് അനുസരിച്ച് കംപ്രസറിന്റെ ഔട്ട്പുട്ട് സ്വയമേ ക്രമീകരിച്ച് കൂടുതൽ കാര്യക്ഷമവും സ്ഥിരതയാർന്നതുമായ പ്രവർത്തനം ഉറപ്പാക്കുന്നതാണെന്ന് എൽജി എകിപ്മെന്റ് ലിമിറ്റഡ് ഇന്ത്യയുടെ ചാനൽ സെയിൽസ് വിഭാഗം മേധാവി കാസി പി എൽ പറഞ്ഞു.

ഫിക്സഡ് സ്പീഡ് കംപ്രസറുകളുടെ പ്രവർത്തന സവിശേഷതകൾ നിലനിർത്തിക്കൊ് വേരിയബിൾ ഫ്രീക്വൻസി ഡ്രൈവ് സംവിധാനങ്ങൾക്ക് സമാനമായ ഊർജ്ജ ലാഭം ഉറപ്പാക്കുന്നതാണ് ഈ സിസ്റ്റത്തിന്റെ പ്രധാന സവിശേഷതയെന്നും അദ്ദേഹം വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആഗോള വ്യാപാരനിയമങ്ങൾ രൂപപ്പെടുത്തുന്നതിൽ ഇന്ത്യ മുൻ നിരയിലെത്തണം: ശശി തരൂർ




**കൊച്ചി:** കാലാവസ്ഥാ വ്യതിയാനവും വിപണി സംഘർഷങ്ങളും ഭക്ഷ്യസുരക്ഷാ നിയമങ്ങളുടെ കഠിനതയും പിടിമുറുക്കുന്ന ലോകത്തിൽ കാര്യക്ഷമത മാത്രം പോരാ പ്രതിരോധ ശേഷിയാണ് പുതിയ മാനദണ്ഡമെന്ന് ഡോ: ശശി തരൂർ പറഞ്ഞു. അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനത്തിന്റെ (ഐ.എസ്.സി. 2026) രണ്ടാം ദിവസം മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കൈകോർക്കലിൽ വിശ്വാസം ഉണ്ടാകുന്ന കാലമല്ലിത്. വിശ്വാസം ലാബ് റിപ്പോർട്ടായാണ് വരുന്നതെന്നും അദ്ദേഹം പറഞ്ഞു. കയറ്റുമതി വിപണികളിലെ അവശിഷ്ടപരിധികളും ട്രേസബിലിറ്റി നിയമങ്ങളും കർശനമായതോടെ നിയമാനുസൃത പ്രവർത്തനം സാങ്കേതിക വിഷയമല്ല, തന്ത്രപ്രധാന വിഷയമായി മാറിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു കയറ്റുമതി നിരസിക്കുന്നത് സാമ്പത്തിക നഷ്ടം മാത്രമല്ല, വിശ്വാസ്യതക്കും തിരിച്ചടിയാണെന്ന് അദ്ദേഹം പറഞ്ഞു. കുരുമുളകിനായി റോമൻ സ്വർണം ഇന്ത്യയിലേക്ക് ഒഴുകിയ കാലം മുതൽ കോളനിവ്യാപാരം രാഷ്ട്രീയ നിയന്ത്രണമായി മാറിയ ചരിത്രം വരെ നമുക്കുണ്ട്. ഓർമ്മകളല്ല നമ്മുടെ പാഠം, മറിച്ച് ജാഗ്രതയാണെന്നും അദ്ദേഹം പറഞ്ഞു. ആഗോള നിലവാര നിർണയ വേദികളിൽ ഇന്ത്യ സജീവമായി ഇടപെടണം. നിയമങ്ങൾ പിന്തുടരുന്നതിൽ മാത്രം നിൽക്കാതെ അവ രൂപപ്പെടുത്തുന്നതിലും പങ്കാളിയാകണമെന്നും ശശി തരൂർ അഭിപ്രായപ്പെട്ടു. കാലാവസ്ഥാ വ്യതിയാനം ഇപ്പോൾ സിദ്ധാന്തമല്ല, കർഷകരുടെ ദിവസേനയുള്ള വെല്ലുവിളിയാണ്. സുസ്ഥിരതയെ ബാധ്യതയായി കാണാതെ മത്സരക്ഷമതയുടെ ഇൻഷുറൻസായി കാണണമെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ പ്രവർത്തനവും ആഗോള പ്രതിരോധ ശേഷിയും വിഷയമാക്കിയ സെഷനിൽ പുനരുജ്ജീവന കൃഷി, കാർബൺ ലക്ഷ്യങ്ങൾ, ഏകീകൃത ട്രേസബിലിറ്റി സംവിധാനം എന്നിവ കയറ്റുമതിക്ക് നിർണായകമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.

ചരിത്രകാരൻ ഡോ. മനു എസ്. പിള്ളയും മാധ്യമ പ്രവർത്തക അർച്ചന ആനന്ദും പങ്കെടുത്ത സംവാദം ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങൾ ലോക ശക്തിസമവാക്യങ്ങളെ എങ്ങനെ സ്വാധീനിച്ചുവെന്ന് വിശദീകരിച്ചു. സ്മാർട്ട് സ്പൈസസ് എന്ന വിഷയത്തിൽ നടന്ന സെഷനിൽ കൃഷി മുതൽ സംസ്കരണം വരെ ഡാറ്റയും കൃത്രിമ ബുദ്ധിയും ഉപയോഗിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള മാർഗങ്ങൾ ചർച്ചയായി. വിളവെടുപ്പ് സമയം നിശ്ചയിക്കൽ, ഗുണനിലവാര പരിശോധന, ഉൽപ്പാദന പ്രവചനം തുടങ്ങിയ മേഖലകളിൽ സാങ്കേതിക വിദ്യയുടെ പങ്ക് വിദഗ്ധർ വിശദീകരിച്ചു.

# ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. യൂലിപ് വിഭാഗത്തിൽപ്പെട്ട ഈ പദ്ധതി നിക്ഷേപകർക്ക് സുതാര്യമായ രീതിയിൽ അച്ചടക്കത്തോടു കൂടി ഓഹരി വിപണിയിൽ പങ്കാളികളാകാനുള്ള അവസരമാണ് നൽകുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ പറഞ്ഞു. ബിഎസ്ഇ 500 ഡിവിഡന്റ് ലീഡേഴ്സ് 50 സൂചികയാവും ഫണ്ട് പിന്തുടരുക. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 33.63 ശതമാനവും അഞ്ചു വർഷങ്ങളിൽ 30.96 ശതമാനവും 10 വർഷങ്ങളിൽ 20.40 ശതമാനവും നേട്ടമാണ് ഈ സൂചിക നൽകിയിട്ടുള്ളതെന്ന് 2026 ജനുവരി 30ലെ കണക്കുകൾ വ്യക്തമാക്കുന്നു.

കമ്പനിയുടെ ജനപ്രിയ യൂലിപ് പദ്ധതികളായ ഐസിഐസിഐ പ്രു സിഗ്നേചർ അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് (എസ്ഐപി പ്ലസ്) എന്നിവ അടക്കം വിവിധ പദ്ധതികൾക്കൊപ്പം ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് ലഭ്യമാണ്.

# സംസ്കൃത സർവ്വകലാശാലയിൽ അന്താരാഷ്ട്ര കോൺഫറൻസ് 26ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പണ്ഡിറ്റ് സുബ്ബരാമ പട്ടർ എൻഡോവ്മെന്റ് അന്താരാഷ്ട്ര കോൺഫറൻസ് ഫെബ്രുവരി 26ന് കാലടി മുഖ്യ കാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിൽ ആരംഭിക്കും. 'ഇൻഡോളജിക്കൽ ഗവേഷണത്തിന്റെ പുതിയ ചക്രവാളങ്ങൾ' എന്നതാണ് കോൺഫറൻസിന്റെ വിഷയം.

വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ഡോ. സി രാജേന്ദ്രൻ മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. ഡോ. അജിത്കുമാർ കെ. വി. അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം ഡോ. ടി. മിനി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ആർ. വെങ്കടകൃഷ്ണൻ, ഡോ. വി. ആർ. മുരളീധരൻ, ഡോ. ജാൻസി എം. എന്നിവർ പ്രസംഗിക്കും. 'കേശവീയ'ത്തിന്റെ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി നിർവ്വഹിക്കും. ഡോ. സി രാജേന്ദ്രൻ ആദ്യപ്രതി ഏറ്റുവാങ്ങും. ഫെബ്രുവരി 28ന് കോൺഫറൻസ് സമാപിക്കും. സമാപന സമ്മേളനത്തിൽ മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് സമാപന സന്ദേശം നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. ഡോ. അജിത്കുമാർ കെ. വി. അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം ഡോ. ടി മിനി, ഡോ. കെ. ആർ. അംബിക എന്നിവർ പ്രസംഗിക്കും.

# കേശാലങ്കാര ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** രാജ്യാന്തര കേശാലങ്കാര വിദഗ്ദൻ ജാവേദ് ഹബീബിന്റെ നേതൃത്വത്തിൽ എറണാകുളം ടൗൺഹാളിൽ സംഘടിപ്പിച്ച സൗന്ദര്യ സംരക്ഷണ ഏകദിന ശിൽപശാല എറണാകുളം ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്തു.ജീവൻ അപ്പായി, ജാവേദ് ഹബീബ്, അനിൽ ജോബ് തുടങ്ങിയവർ പ്രസംഗിച്ചു. സിറ്റി കളക്ഷൻസും ക്ലാമി കോസ്മറ്റിക്സും ചേർന്ന് സംഘടിപ്പിച്ച ശിൽപശാലയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സംരംഭകരായ ആയിരത്തിൽ പരം ബ്യൂട്ടീഷൻമാർ പങ്കെടുത്തു. സൗന്ദര്യ സംരക്ഷണ രംഗത്തെ രാജ്യാന്തര തലത്തിലെ നവീന രീതികളും സാങ്കേതിക വിദ്യകളും ശിൽപശാലയിൽ പരിചയപ്പെടുത്തി.



*എറണാകുളം ടൗൺഹാളിൽ സിറ്റി കളക്ഷൻസും ക്ലാമി കോസ്മറ്റിക്സും ചേർന്ന് സംഘടിപ്പിച്ച സൗന്ദര്യ സംരക്ഷണ ഏകദിന ശിൽപശാലയിൽ രാജ്യാന്തര കേശാലങ്കാര വിദഗ്ദൻ ജാവേദ് ഹബീബ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ സംരംഭകരുമായി സംവദിക്കുന്നു.*

# ഐബിഎം എഐ ഗവേൺടെക് ഇന്നൊവേഷൻ സെന്റർ ആരംഭിച്ചു

**കൊച്ചി:** ആധുനിക ഭരണ സംവിധാനങ്ങളിൽ നിർമ്മിത ബുദ്ധിയുടെ (എഐ) പ്രയോഗം ശക്തിപ്പെടുത്തൽ ലക്ഷ്യമിട്ട് ഐബിഎം ലഖ്നൗവിൽ എഐ ഗവേൺടെക് ഇന്നൊവേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു.



ഉത്തര പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് കേന്ദ്രം ഉദ്ഘാടനം ചെയ്തു. ഐബിഎം ചെയർമാനും സിഇഒയുമായ അരവിന്ദ് കൃഷ്ണ, ഐബിഎം ഇന്ത്യ മാനേജിംഗ് ഡയറക്ടർ സന്ദീപ് പട്ടേൽ, മനീന്ദ്ര അഗർവാൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

സർക്കാരിന്റെ സേവനക്ഷമത, സുതാര്യത, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള വിശ്വസനീയമായ എഐ പരിഹാരങ്ങൾ രൂപകൽപ്പന ചെയ്യുകയും വ്യാപകമായി നടപ്പാക്കുകയുമാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. ഉത്തര പ്രദേശ് സർക്കാരുമായി ഐബിഎം രണ്ട് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. ഐടി & ഇലക്ട്രോണിക്സ് വകുപ്പ് കൂടിയുള്ള സഹകരണത്തിലൂടെ വിവിധ എഐ പദ്ധതികൾ വികസിപ്പിക്കും. സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റുമായി ചേർന്ന് 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി എഐ ലിറ്ററസി പ്രോഗ്രാം നടപ്പാക്കും. കൂടാതെ, കാൺപൂർ ഐഐടിയുമായി സഹകരിച്ച് വായു ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള എഐ അടിസ്ഥാനപരമായ പദ്ധതികളും നടപ്പാക്കുന്നതായി ഐബിഎം അറിയിച്ചു.

# എയർടെൽ മണിയിൽ നിക്ഷേപത്തിനൊരുങ്ങി ഭാരതി എയർടെൽ

**കൊച്ചി :** ഭാരതി എയർടെൽ തങ്ങളുടെ ബാങ്കിങ് ഇതര ഫിനാൻഷ്യൽ കമ്പനിയായ എയർടെൽ മണി ലിമിറ്റഡിൽ ഏതാനും വർഷങ്ങൾ കൊണ്ട് 20,000 കോടി രൂപ മൂലധന നിക്ഷേപം നടത്തുമെന്ന് കമ്പനി അധികൃതർ പ്രഖ്യാപിച്ചു.

ഇതിൽ 70% തുക എയർടെലും ബാക്കിയുള്ള 30% പ്രൊമോട്ടർ ഗ്രൂപ്പായ ഭാരതി എന്റർ പ്രൈസസ് ലിമിറ്റഡും നിക്ഷേപിക്കും. എയർടെൽ മണി റിസർവ് ബാങ്കിൽ നിന്നും 2026 ഫെബ്രുവരി 13ന് എൻബിഎഫ്സി ലൈസൻസ് നേടിയിരുന്നു. ഇതിനോടകം, 9000 കോടി രൂപയിൽ അധികം എയർടെൽ മണി പ്ലാറ്റ്ഫോം വിതരണം ചെയ്തിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# കൊച്ചി ആഗോള വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട നഗരമായി മാറുന്നതായി റിപ്പോർട്ട്

**കൊച്ചി:** ആഗോള വിനോദ സഞ്ചാരികളുടെ പ്രിയപ്പെട്ട നഗരമായി കൊച്ചി മാറുന്നതായി ആഗോളതലത്തിലെ പ്രമുഖ ഓൺലൈൻ ട്രാവൽ പ്ലാറ്റ്ഫോമായ ബുക്കിംഗ് ഡോട്ട്കോമിന്റെ '2026ലെ വാർഷിക യാത്രാ പ്രവചനം' റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2026ലെ 10 ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളിൽ ഒന്നായി കൊച്ചിയെ തിരഞ്ഞെടുത്തു. വിയറ്റ്നാമിലെ മ്യൂയിനെ, ഓസ്ട്രേലിയയിലെ പോർട്ട് ഡഗ്ലസ് തുടങ്ങിയ അന്താരാഷ്ട്ര ഹോട്ട്സ്പോട്ടുകൾക്കൊപ്പമാണ് കൊച്ചി പട്ടികയിൽ ഇടം നേടിയിരിക്കുന്നത്. പൈതൃകഭംഗിയും, കായലുകളുടെ മനോഹാരിതയും ആധുനികതയുള്ള നഗരാനുഭവങ്ങളും സമന്വയിക്കുന്ന ഇടമെന്ന നിലയിലാണ് കൊച്ചി ആഗോള ശ്രദ്ധ നേടിയിരിക്കുന്നത്.

2026ലെ ആദ്യ പാദത്തിൽ (ജനുവരി-ജൂൺ) ലോകമെമ്പാടുമുള്ള യാത്രികർ ഏറ്റവും കൂടുതൽ തിരഞ്ഞ ഇന്ത്യൻ ഡെസ്റ്റിനേഷനുകളിലെ ടോപ് 10ൽ കൊച്ചി ഇടം നേടി. ബുക്കിംഗ് ഡോട്ട്കോമിന്റെ താമസ സൗകര്യങ്ങളുമായി ബന്ധപ്പെട്ട തിരച്ചിൽ ഡാറ്റ പ്രകാരം, എച്ച്1 2026ൽ കൊച്ചിയിലേക്കുള്ള തിരച്ചിലുകളിൽ 30% വാർഷിക വളർച്ച രേഖപ്പെടുത്തി. ഇതേ കാലയളവിൽ 40% വാർഷിക വർധനവോടെ കേരളത്തെ രാജ്യത്ത് ഏറ്റവും കൂടുതൽ തിരഞ്ഞ മൂന്നാമത്തെ സംസ്ഥാനമെന്ന ബഹുമതിക്കർഹമാക്കി. കൊച്ചിയിൽ ഹോട്ടലുകൾക്ക് പുറമെ ഹോളിഡേ ഹോമുകൾ, ബി ആന്റ് ബികൾ , ഗസ്റ്റ് ഹൗസുകൾ എന്നിവയ്ക്കാണ് ആഗോള യാത്രികർ കൂടുതൽ തിരച്ചിൽ നടത്തുന്നത്. ഇതിന് പുറമെ വില്ലകൾ, ഹോംസ്റ്റേകൾ എന്നിവയും ഉൾപ്പെടുന്നു.

2026ലെ 10 ആഗോള ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളിൽ ഒന്നായി കൊച്ചി തിരഞ്ഞെടുക്കപ്പെട്ടത് ആവേശം പകരുന്നതാണെന്ന് സംസ്ഥാന വിനോദസഞ്ചാര വകുപ്പ് മന്ത്രി പിഎ മുഹമ്മദ് റിയാസ് പറഞ്ഞു. ഉത്തരവാദിത്ത വിനോദസഞ്ചാരത്തെ മുൻനിർത്തിയുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും, പ്രാദേശിക സമൂഹങ്ങളുടെ ആത്മാർത്ഥതയും ഈ നേട്ടത്തിന് പിന്നിൽ പ്രധാന സംഭാവന നൽകിയതായും അദ്ദേഹം പറഞ്ഞു.

കൊച്ചിയുടെ ഈ നേട്ടം സാംസ്കാരിക പൈതൃകവും ആധുനിക സൗകര്യങ്ങളും ചേർന്ന ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്രികരുടെ മുൻഗണനകളിലെ മാറ്റം വ്യക്തമാക്കുന്നതായി ബുക്കിംഗ് ഡോട്ട്കോം ദക്ഷിണേഷ്യാ റീജിയണൽ മാനേജർ സന്തോഷ് കുമാർ പറഞ്ഞു.

## ബിനാലെ ആവിഷ്കാര കലയുടെ സമുദ്രം: ലത ലക്ഷ്മി മേനോൻ

**കൊച്ചി:** ലോകമെമ്പാടുമുള്ള കലാപരമായ ആവിഷ്കാരങ്ങളുടെ സമുദ്രമാണ് കൊച്ചി മുസിരിസ് ബിനാലെയെന്ന് സമകാലിക മലയാള എഴുത്തുകാരി ലത ലക്ഷ്മി മേനോൻ അഭിപ്രായപ്പെട്ടു. കൊച്ചിമുസിരിസ് ബിനാലെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അവർ. ആഗോള കലകളുടെ സംഗമസ്ഥാനമാണ് കൊച്ചി ബിനാലെയെന്നും ഇതിൽ സന്ദർശകയായെങ്കിലും പങ്കാളിയാകാൻ കഴിയുന്നത് ഭാഗ്യമായി കരുതുന്നുവെന്നും അവർ പറഞ്ഞു. കലാകാരിയും എഴുത്തുകാരിയും എന്ന നിലയിൽ കലയും സംഗീതവും തമ്മിലുള്ള ബന്ധത്തെ പ്രമേയമാക്കുന്ന സൃഷ്ടികളാണ് കൂടുതൽ ഇഷ്ടമായതെന്ന് അവർ വ്യക്തമാക്കി. സിംഗപ്പൂർ ആസ്ഥാനമായുള്ള കലാകാരി സറീന മുഹമ്മദിന്റെ കലാപ്രതിഷ്ഠ വലിയ സ്വാധീനം ചെലുത്തിയെന്നും അതിന്റെ സംഗീതാത്മകതയും ആഴവും ഏറെ ശ്രദ്ധേയമാണെന്നും അവർ പറഞ്ഞു.



2012ൽ ബിനാലെ ആരംഭിച്ചത് മുതൽ താൻ നിത്യസന്ദർശകയാണെന്ന് ലത ലക്ഷ്മി മേനോൻ ചൂണ്ടിക്കാട്ടി. ബിനാലെ കാണാൻ തുടങ്ങിയാൽ അവിടെ നിന്ന് തിരിച്ചുപോകാൻ തോന്നാറില്ലെന്നും അത് പൂർണ്ണമായി ആസ്വദിക്കാൻ ദിവസങ്ങൾ തന്നെ ചിലവഴിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. കൊടുങ്ങല്ലൂർ ഗുരുശ്രീ പബ്ലിക് സ്കൂളിലെ 73 വിദ്യാർത്ഥികളും അധ്യാപകരും ബിനാലെ കാണാൻ എത്തിയിരുന്നു. കൂടാതെ, കലൂർ ഗ്രീറ്റ്സ് പബ്ലിക് സ്കൂളിലെ ഏഴ്, എട്ട് ക്ലാസുകളിലെ 140 വിദ്യാർത്ഥികളും അഞ്ച് അധ്യാപകരും ബിനാലെ പ്രദർശനങ്ങൾ സന്ദർശിച്ചു.

## കോൾഗേറ്റ് ടോട്ടലിന്റെ ബ്രാൻഡ് അംബാസഡറായി രാഹുൽ ദ്രാവിഡ്

**കൊച്ചി :** കോൾഗേറ്റ് പാൽമോലീവ് ഇന്ത്യ ലിമിറ്റഡ് ക്രിക്കറ്റ് ഇതിഹാസം രാഹുൽ ദ്രാവിഡിനെ കോൾഗേറ്റ് ടോട്ടലിന്റെ ബ്രാൻഡ് അംബാസഡറായി നിയമിച്ചു.

കോൾഗേറ്റ് ടോട്ടൽ പാറ്റന്റുള്ള ഡ്യുവൽ സിങ്ക് പ്ലസ് അർജിനൈൻ സാങ്കേതികവിദ്യയോടെ ജേർണുക്കളുടെ വളർച്ച മൂന്നു മടങ്ങ് ഫലപ്രദമായി തടയുകയും എട്ട് പ്രധാന ദന്തപ്രശ്നങ്ങൾ മുൻകൂട്ടി പ്രതിരോധിക്കുകയും ചെയ്യുന്നതായി കമ്പനി അറിയിച്ചു.

## വനിതാ കരകൗശല വിദഗ്ദ്ധർക്കും സംരംഭകർക്കും പരിശീലനം നൽകി

**കൊച്ചി:** നിർമിത ബുദ്ധി എങ്ങനെ പ്രായോഗികമായി സംരംഭകർക്ക് ഉപയോഗിക്കാം എന്നും ഗ്രാമീണ മേഖലയിൽ നിന്നുള്ള വനിതാ കരകൗശല വിദഗ്ദ്ധരുടേയും സംരംഭകരുടേയും ശാക്തീകരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് ഇന്ത്യാ എഐ ഇംപാക്ട് ഉച്ചകോടിയിൽ ടാറ്റ ഗ്രൂപ് രൂപം നൽകിയ 'ടാറ്റ എഐ സഖി ഇമ്മേഴ്ഷൻ പ്രോഗ്രാം' സംഘടിപ്പിച്ചു.

ശിൽപശാലയിൽ 1553 വനിതകൾ പങ്കെടുത്തു. കരകൗശല വിദഗ്ധർ, അടിസ്ഥാന ഡിജിറ്റൽ സാക്ഷരതയുള്ളവർ, ഡിജിറ്റൽ രംഗത്ത് അൽപം കൂടി മികച്ച അറിവുള്ളവർ എന്നിങ്ങനെ മൂന്നു തലങ്ങളിലായി പങ്കെടുത്തവരെ തിരിച്ചാണ് പരിശീലനം നൽകിയത്.

ഓരോ വിഭാഗങ്ങളിലും കരകൗശല വിദഗ്ദ്ധർ, അടിസ്ഥാന തലത്തിലുള്ള സംരംഭകർ, സ്വാശ്രയ സംഘ നേതാക്കൾ, വൈവിധ്യമാർന്ന ഗ്രാമീണ മേഖലകളിൽ നിന്നുള്ള കമ്യൂണിറ്റി ഫെസിലിറ്റേറ്റർമാർ എന്നിവർ ഉൾപ്പെട്ടിരുന്നു.

പരിപാടിയുടെ മുഴുവൻ സമയവും വ്യക്തിഗത മാർഗനിർദ്ദേശങ്ങൾ നൽകുകയും തൽസമയ പ്രശ്ന പരിഹാരങ്ങൾ സാധ്യമാക്കുകയും ചെയ്യുന്ന രീതിയിൽ, പങ്കെടുക്കുന്ന ഓരോ അഞ്ചു പേരേയും ഓരോ മെന്റർമാർ വീതം പിന്തുണക്കുന്ന രീതിയിലായിരുന്നു ഇത് ആസൂത്രണം ചെയ്തത്.

പരിപാടിക്കിടെ പുതിയ ഉൽപന്ന ഡിസൈനുകൾ തയ്യാറാക്കാനും വിപണന സാമഗ്രികൾ തയ്യാറാക്കാനും സർക്കാർ പദ്ധതികളെ കുറിച്ചു മനസിലാക്കാനും രേഖകൾ ട്രാൻസ്ലേറ്റു ചെയ്യാനും സ്വന്തം ഫോൺ ഉപയോഗിച്ച് അപേക്ഷകൾ തയ്യാറാക്കാനും എല്ലാം നിർമിത ബുദ്ധി ഉപയോഗിക്കുന്നതിന് ഈ മെന്റർമാർ പരിശീലിപ്പിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com